بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 08.05.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## നബി(സ) തിരുമേനിയുടെ ഔന്നിത്യ പദവിയിലുള്ള ബദരീ സ്വഹാബിയായ ഹദ്റത്ത് ഖബ്ബാബുബ്നു അറത്ത്(റ)ന്റെ സതുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണം.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ اَلرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۝ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

ഇന്ന് ഞാൻ ഒരു ബദരീ സ്വഹാബിയായ ഖബ്ബാബുബ്നു അറത്ത്(റ)നെക്കുറിച്ച് വിവരിക്കുന്നതാണ്. ബനൂ സഅദുബ്നു സൈദ് ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന് ബന്ധം. അറത്ത് ബിൻ ജന്ദല എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാവിന്റെ പേര്. അദ്ദേഹം ജാഹിലിയ്യാ കാലത്ത് അടിമയാക്കി വിൽക്കപ്പെടുകയുണ്ടായി. പ്രാരംഭകാലത്ത് ഇസ്‌ലാം സ്വീകരിച്ചവരുടെ കൂട്ടത്തിൽ അദ്ദേഹം എട്ടാം സ്ഥാനത്തായിരുന്നു. ഇസ്‌ലാം സ്വീകരിക്കുകയും അത് വെളിപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി പീഢനങ്ങളനുഭവിക്കേണ്ടി വന്ന പ്രാരംഭകാല മുസ്‌ലിംകളിൽപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. നബി(സ)തിരുമേനി ദാറെ അർഖമിൽ വരുന്നതിനു മുൻപുതന്നെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു.

ഹദ്റത്ത് ഖബ്ബാബ് വിവരിക്കുന്നു; ഒരിക്കൽ ഞങ്ങൾ നബി(സ)തിരുമേനിയോട് ചോദിച്ചു; താങ്കൾ ഞങ്ങൾക്കുവേണ്ടി അല്ലാഹുവിനോട് സഹായം ആവശ്യപ്പെടുന്നില്ലേ? അപ്പോൾ അവിടന്ന് പറഞ്ഞു; നിങ്ങൾക്കു മുൻപ് കഴിഞ്ഞുപോയ ആളുകളുടെ സ്ഥിതി എപ്രകാരമായിരുന്നുവെന്നാൽ, അവരെ മണ്ണിൽ കുഴി കുത്തി അതിലിറക്കി മണ്ണിട്ട് മൂടുമായിരുന്നു. എന്നിട്ട് ഈർച്ച വാൾ കൊണ്ടുവന്ന് തലയിൽ വച്ച് രണ്ടായി പിളർത്തുമായിരുന്നു. അതൊന്നും അവരെ തങ്ങളുടെ ദീനിൽ നിന്നും തടഞ്ഞു നിറുത്തിയില്ല. ഇരുമ്പ് ചീർപ്പുപയോഗിച്ച് അവരുടെ മാംസം എല്ലിൽ നിന്നും മാന്തി വേർപ്പെടുത്തുമായിരുന്നു. അതൊന്നും അവരെ ദീനിൽ നിന്നും തടഞ്ഞില്ല. തുടർന്ന് അവിടന്ന് പറഞ്ഞു; അല്ലാഹുവാണ! അല്ലാഹു എന്തായാലും ഇപ്രകാരം സാധ്യമാക്കുന്നതാണ്, അതായത് അന്ന് സനായിൽ നിന്നും ഹദറ മൗത്ത് വരെ യാത്രചെയ്യുന്ന ഒരാൾക്ക് അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടേണ്ടി വരികയില്ല. എന്നാൽ നിങ്ങളാകട്ടെ തിടുക്കം കൂട്ടുകയാണ്.

ഹദ്റത്ത് ഖബ്ബാബ് ഒരു കൊല്ലപ്പണിക്കാരനായിരുന്നു. വാളുകൾ നിർമ്മിക്കലായിരുന്നു ജോലി. നബി(സ) തിരുമേനി അദ്ദേഹത്തെ വളരെ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് പോകുമായിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഖബ്ബാബിന്റെ അടുത്ത് വരുന്ന കാര്യം ഖബ്ബാബിന്റെ ഉടമസ്ഥ അറിഞ്ഞു. അവർ ചുട്ടുപഴുത്ത ഇരുമ്പ് പാര ഖബ്ബാബിന്റെ തലയിൽ വയ്ക്കുമായിരുന്നു. ഹദ്റത്ത് ഖബ്ബാബ് നബി(സ)തിരുമേനിയുടെ മുന്നിൽ പരാതി പറഞ്ഞപ്പോൾ നിബി(സ) ദുആ ചെയ്തു അല്ലാഹുവേ നീ ഖബ്ബാബിനെ സഹായിക്കേണമേ. അതിന്റെ ഫലമായി ഖബ്ബാബിന്റെ യജമാനയുടെ തലയിൽ എന്തോ രോഗം ബാധിച്ചു. അതുകാരണം പട്ടിയെപ്പോലെ ശബ്ദമുണ്ടാക്കുമായിരുന്നു. തലയിൽ ഇരുമ്പ് ചൂടാക്കി പൊള്ളിക്കണമെന്ന് നിർദേശിക്കപ്പെട്ടു. അങ്ങനെ ഹദ്റത്ത് ഖബ്ബാബ് ഇരുമ്പ് പഴുപ്പിച്ച് അവരുടെ തലയിൽ പൊള്ളിക്കുമായിരുന്നു. ഖബ്ബാബിനെക്കൊണ്ട് തലയിൽ ഇരുമ്പ് പഴുപ്പിച്ച് ചൂടുവയ്പ്പിക്കാൻ അവർ നിർബന്ധിതയായി.

ഒരിക്കൽ ഹദ്റത്ത് ഖബ്ബാബ് ഹദ്റത്ത് ഉമർ(റ)ന്റെയടുക്കൽ ചെന്നപ്പോൾ ഖബ്ബാബിനെ തന്റെ ഇരിപ്പിടത്തിൽ ഇരുത്തി. എന്നിട്ട് പറഞ്ഞു; ഈ സഭയിൽ ഇരിക്കാൻ അർഹത ഒരു വ്യക്തിയ്ക്കു ശേഷം ഇദ്ദേഹത്തിനല്ലാതെ ഈ ഭൂതലത്തിൽ മറ്റാർക്കുമില്ല. ഹദ്റത്ത് ഖബ്ബാബ് ചോദിച്ചു; അതാരാണ്? അപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു; അത് ബിലാൽ ആകുന്നു. ഹദ്റത്ത് ഖബ്ബാബ് പറഞ്ഞു; അല്ലയോ അമീറുൽ മുഅ്മിനീൻ, ബിലാൽ എന്നെക്കാളും അർഹനല്ല. എന്തുകൊണ്ടെന്നാൽ ബിലാൽ ബഹുദൈവാരാധകരുടെ കയ്യിലായിരുന്നപ്പോൾ ആരെങ്കിലുമൊക്കെ വഴി അല്ലാഹു അദ്ദേഹത്തെ രക്ഷിക്കുമായിരുന്നു. എന്നാൽ എന്നെ രക്ഷിക്കാനായി ആരുമില്ലായിരുന്നു. ഒരിക്കൽ ആളുകൾ തീ കത്തിച്ച് എന്നെപ്പിടിച്ച് അതിൽ ഇടുകയായിരുന്നു ഒരാൾ

എന്റെ നെഞ്ചിൽ ചവിട്ടിപ്പിടിച്ചിട്ടുണ്ടായിരുന്നു. എന്റെ ശരീരത്തിലെ തൊലിയും കൊഴുപ്പും ഉരുകിയൊലിച്ചാണ് ആ തീക്കനലുകൾ അണഞ്ഞത്.

ഹദ്റത്ത് ഖബ്ബാബിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; നബി(സ) തിരുമേനിയെ വിശ്വസിച്ചവരിൽ ഏറ്റവുമധികം പീഢനമനുഭവിച്ചത് അടിമകൾ തന്നെയായിരുന്നു എന്നത് സ്മരണീയമാണ്. കൊല്ലപ്പണിക്കാരനായിരുന്ന ഖബ്ബാബുബിന് അറത്ത് പ്രാരംഭത്തിൽ തന്നെ നബി(സ) തിരുമേനിയെ വിശ്വസിച്ചു. ആളുകൾ അദ്ദേഹത്തെ വളരെയധികം പീഢിപ്പിച്ചു. ഏതുവരെയെന്നാൽ അദ്ദേഹത്തിന്റെ തന്നെ ആലയിലെ തീച്ചൂളയിൽ അദ്ദേഹത്തെ കിടത്തി. അനങ്ങാതിരിക്കുന്നായി നെഞ്ചിനുമുകളിൽ കല്ല് കയറ്റിവച്ചു. അദ്ദേഹത്തിന് കൂലിയായി പണം നൽകാനുള്ളവർ അത് നിഷേധിച്ചു. എന്നാൽ ഇത്രയേറെ ശാരീരികവും സാമ്പത്തികവുമായ നാശനഷ്ടങ്ങളുണ്ടായിട്ടും നിമിഷ നേരത്തേക്കു പോലും അദ്ദേഹത്തിന് ചാഞ്ചല്യമുണ്ടായില്ല വിശ്വാസത്തിൽ അടിയുറച്ചു തന്നെ നിന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു; ഒരിക്കൽ പ്രാരംഭകാലത്തെ മുസ്‌ലിംകളിൽ പെട്ട ഖബ്ബാബ് എന്ന അടിമയുടെ പുറം കൂടെയുള്ളവർ നഗനമായിക്കാണാനിടയായി. അദ്ദേഹത്തിന്റെ പുറന്തൊലി ഒരു മനുഷ്യന്റെ പോലെയല്ലായിരുന്നു ഒരു മൃഗത്തിന്റെ പോലയായിരുന്നു. അതുകണ്ട് അവർ പരിഭ്രമിച്ചുകൊണ്ട് അദ്ദേഹത്തോടു ചോദിച്ചു; താങ്കൾക്കിത് എന്ത് രോഗമാണ്. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു; ഇത് രോഗമല്ല. ഇതൊരു ഓർമ്മയാണ്. ഞങ്ങൾ നവ മുസ്‌ലിം അടിമകളെ മക്കയിലെ തെരുവീഥികളിലെ പരുക്കൻ കല്ലുകളിലൂടെ വലിച്ചിഴച്ചിരുന്നതിന്റെയും, നിരന്തരം മർദ്ദനങ്ങൾ അഴിച്ചുവിട്ടതിന്റെയും ഫലമായിട്ടാണ് എന്റെ പുറം ഈ രൂപത്തിലായത്.

അബൂഖാലിദ് വിവരിക്കുന്നു; ഒരു ദിവസം ഞങ്ങൾ പള്ളിയിൽ ഇരിക്കുമ്പോൾ ഹദ്റത്ത് ഖബ്ബാബ് വന്ന് നിശബ്ദനായി ഇരുന്നു. ജനങ്ങൾ അദ്ദേഹത്തോട് പറഞ്ഞു; താങ്കൾ ഞങ്ങൾക്കുവേണ്ടി എന്തെങ്കിലും വിവരിച്ചു തരികയോ കല്പിക്കുകയോ ചെയ്താലും. ഹദ്റത്ത് ഖബ്ബാബ് പറഞ്ഞു; ഞാനെന്തു കല്പിക്കാനാണ്. ഞാൻ സ്വയം ചെയ്യാത്ത വല്ല കാര്യവും നിങ്ങളോട് കല്പിച്ചു പോയാലോ എന്നു ഞാൻ ഭയക്കുന്നു. ഇതായിരുന്നു അവരുടെയെല്ലാം ദൈവഭയത്തിന്റെയും തഖ്‌വയുടെയും നിലവാരം.

താരിഖിൽ നിന്ന് നിവേദനം; നബി(സ) തിരുമേനിയുടെ സഹാബാക്കളുടെ ഒരു സംഘം ഹദ്റത്ത് ഖബ്ബാബിനെ മരണശയ്യയിലായിരിക്കുമ്പോൾ സന്ദർശിക്കാനായി പോയി. അവർ പറഞ്ഞു ഓ, അബൂ അബ്ദുല്ലാഹ് സന്തോഷവാനായിരിക്കുക. താങ്കൾ താങ്കളുടെ സഹോദരങ്ങളുടെ അടുത്തേക്ക് ഹൗളെ കൗസറിലേക്കാണ് പോകുന്നത്. ഹദ്റത്ത് ഖബ്ബാബ് പറഞ്ഞു; നിങ്ങളെന്റെ മുന്നിൽ നമുക്ക് മുൻപെ കടന്നുപോയവരെ സ്മരിക്കുകയുണ്ടായി അവർക്ക് അവരുടെ പ്രതിഫലത്തിൽ നിന്ന് ഒന്നും ഈ ലോകത്ത് പ്രാപിക്കാൻ സാധിച്ചില്ല. അവർക്ക് ശേഷം ഞങ്ങൾ ഈ ലോകത്ത് അവശേഷിച്ചു. ഞങ്ങൾ ഇവിടെ തന്നെ അതെല്ലാം കരസ്ഥമാക്കി. ഞങ്ങളുടെ മുൻ കർമ്മങ്ങൾക്കുള്ള പ്രതിഫലമാണോ ഇതെന്ന് ഞങ്ങൾ ആശങ്കപ്പെട്ടു. ഹദ്റത്ത് ഖബ്ബാബ് ദീർഘകാലം കഠിനമായ രോഗവസ്ഥയിൽ കഴിയുകയുണ്ടായി.

ഹദ്റത്ത് ഖബ്ബാബ് വിവരിക്കുകയാണ്; ഞങ്ങൾ നബി(സ) തിരുമേനിയുടെ കൂടെ ഹിജ്റത്ത് ചെയ്തു. ഞങ്ങൾ അല്ലാഹുവിന്റെ തൃപ്തിമാത്രം ആഗ്രഹിച്ചു. ഞങ്ങൾക്ക് പ്രതിഫലം നൽകുക അല്ലാഹുവിന്റെ പക്കലായിരുന്നു. ഞങ്ങളിൽ നിന്നും പ്രതിഫലം രുചിക്കാതെ മരിച്ചുപോയവരുണ്ട്. ഹദ്റത്ത് മിസ്അബുബ്നു ഉമൈർ അതിൽപ്പെടുന്നു. അതുപോലെ ചിലരുണ്ട്. അവരുടെ കർമ്മ ഫലങ്ങൾ പഴുത്തു പാകമായി. അവർ ആ ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മിസ്അബ് ഉഹദിൽ ശഹീദായിരുന്നു. ആകെ ഒരു പുതപ്പു മാത്രമേ അദ്ദേഹത്തെ കഫൻ ചെയ്യാനായി ഞങ്ങൾക്കുണ്ടായിരുന്നുള്ളു. ഞങ്ങൾ അദ്ദേഹത്തിന്റെ തല മൂടുമ്പോൾ കാലുകൾ വെളിവാകും കാലുകൾ മൂടുമ്പോൾ തല വെളിവാകുകയും ചെയ്യുമായിരുന്നു. അപ്പോൾ നബി(സ)തിരുമേനി ഞങ്ങളോട് അദ്ദേഹത്തിന്റെ തല തുണികൊണ്ട് മൂടാനും കാൽ പുല്ല്കൊണ്ട് മൂടാനും പറഞ്ഞു.

സൈദുബ്നു വഹബ് വിവരിക്കുന്നു; ഞങ്ങൾ ഹദ്റത്ത് അലി(റ)യോടൊപ്പം സ്വിഫ്ഫീൻ യുദ്ധം കഴിഞ്ഞ് തിരിച്ചുവരികയായിരുന്നു. അപ്പോൾ ഞങ്ങളുടെ വലതുവശത്തായി ഏഴു ഖബറുകൾ കണ്ടു. ഹദ്റത്ത് അലി(റ) ചോദിച്ചു; ഈ ഖബറുകൾ ആരുടേതാണ് . ആളുകൾ പറഞ്ഞു; അമീറുൽ മുഅ്മിനീൻ താങ്കൾ സ്വിഫ്ഫീനിലേക്ക പുറപ്പെട്ടതിനു ശേഷം ഖബ്ബാബ് വഫാത്തായി. കൂഫാക്കു പുറത്ത് മറവു ചെയ്യണമെന്ന് അദ്ദേഹം വസിയ്യത്ത് ചെയ്തിരുന്നു. മരിച്ചവരെ അവരവരുടെ വാതിൽപ്പടിയോട് ചേർന്നും വീട്ടുമുറ്റത്തും തന്നെ മറവുചെയ്യുന്ന സമ്പ്രദായമായിരുന്നു അവിടെയുണ്ടായിരുന്നത്. എന്നാൽ ഖബ്ബാബ് മരിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം വെളിയിൽ മറവുചെയ്യണമെന്ന് വസിയ്യത്തു ചെയ്യുന്നതു കണ്ട മറ്റു ജനങ്ങളും അതുപോലെ മറവു ചെയ്യാൻ തുടങ്ങി. ഹദ്റത്ത് അലി(റ) പറഞ്ഞു; അല്ലാഹു ഖബ്ബാബിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം സസന്തോഷം ഇസ്‌ലാം സ്വീകരിച്ചു, അനുസരണയോടെ ഹിജ്റത്ത് ചെയ്തു, ഒരു മുജാഹിദിനെപ്പോലെ ജീവിതം കഴിച്ചുകൂട്ടി, ശാരീരികമാ

യി പരീക്ഷിക്കപ്പെട്ടു. സൽകർമ്മം ചെയ്യുന്നയാളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല. അദ്ദേഹത്തിന്റെ ശാരീരികമായ ബുദ്ധിമുട്ടുകളും രോഗവും ദീർഘകാലം നിലനിന്നു. ഹദ്റത്ത് അലി(റ) ആ ഖബറുകളുടെ അടുത്തുപോയി എന്നിട്ടു പറഞ്ഞു; വിശ്വാസികളും മുസ്‌ലിംകളുമായ ഇതിലെ നിവാസികളേ നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ. ഞങ്ങൾക്കു മുൻപേ പോയി മുന്നൊരുക്കക്കാരായവരാണ് നിങ്ങൾ. ഞങ്ങൾ നിങ്ങൾക്കു പുറകേവന്ന് നിങ്ങളുമായി ഉടൻ കണ്ടുമുട്ടുന്നവരാണ്. അല്ലാഹുവേ നീ ഞങ്ങൾക്കും അവർക്കും പൊറുത്തുനൽകേണമേ. നീ പൊറുത്തുകൊടുക്കുന്നവാനാണ് അവർക്ക് നീ മാപ്പു നൽകേണമേ. പരലോകത്തെക്കുറിച്ച് ഓർക്കുകയും കണക്ക് ബോധിപ്പിക്കാനായി കർമ്മങ്ങൾ ചെയ്യുന്നവർക്കും അതു പൂർത്തിയാക്കാൻ അനിവാര്യമായ കാര്യങ്ങളിൽ സംതൃപ്തരായിക്കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നവർക്കും സന്തോഷവാർത്തയായിരിക്കട്ടെ. ഹദ്റത്ത് ഖബ്ബാബ് ഹിജ്‌രി 37ന് എഴുപത്തിമൂന്നാം വയസ്സിൽ വഫാത്തായി.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 08.05.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516